വിദ്യാഭ്യാസ അവകാശം
സർവ ശിക്ഷാ അഭിയാൻ



# പാദവാർഷിക മൂല്യനിർണയം 2017–18
# അടിസ്ഥാന പാഠാവലി

സ്റ്റാൻഡേർഡ് - 6 | സമയം: 2 മണിക്കൂർ

**നിർദേശങ്ങൾ**

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് പതിനഞ്ചു മിനിറ്റ് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. ആറു ചോദ്യങ്ങളിൽ ഏതെങ്കിലും **അഞ്ചെണ്ണത്തിന്** ഉത്തരം എഴുതണം.

## പ്രവർത്തനം 1 - വർണന

എ. "മാനും മുയലും ഉറങ്ങീ, കാടും
ആറും കടലുമടങ്ങി
പായലിൻ മീൻ മിഴി പൂട്ടി, നീല -
ക്കായലിൻ സ്വപ്നമായ് സൂര്യൻ"

രാത്രിയുടെ വരവിനെക്കുറിച്ചാണല്ലോ സച്ചിദാനന്ദൻ വർണിക്കുന്നത്. 'വേഗമുറങ്ങൂ' എന്ന കവിതയിലെ ആശയങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉൾപ്പെടുത്തി ഉറങ്ങുന്ന പ്രകൃതിയെക്കുറിച്ച് **വർണന** തയാറാക്കുക.

ബി. രാത്രി - പകരം പദം ഏത്? (മിഴി, നിശ, പാര്)

## പ്രവർത്തനം 2 - താരതമ്യക്കുറിപ്പ്

യുദ്ധവും ക്ഷാമവുംകൊണ്ട് ഇരുളിലാണ്ട റഷ്യയിലെ ഒരു തെരുവിലൂടെ നടന്നുപോകുമ്പോൾ ടോൾസ്റ്റോയി ഒരു യാചകനെ കണ്ടുമുട്ടി. ടോൾസ്റ്റോയി തന്റെ കീശകളിൽ തിരക്കിട്ടു തപ്പിനോക്കിയപ്പോൾ അതിൽ ഒന്നുമുണ്ടായിരുന്നില്ല. സഹായിക്കാനാവാത്തതിനാൽ അദ്ദേഹത്തിന് വല്ലാത്ത കുറ്റബോധവും വ്യസനവും തോന്നി. അദ്ദേഹം ആ യാചകനെ നെഞ്ചോടു ചേർത്തു പിടിച്ചുകൊണ്ട്, പൊടിയും ചെളിയും പുരണ്ട കവിളിൽ ചുംബിച്ചുകൊണ്ട് പറഞ്ഞു:-

"എന്റെ സഹോദരാ! എന്നോട് കോപിക്കരുതേ. എന്റെ കൈയിൽ നിനക്കു തരാനായി ഇപ്പോളൊന്നുമില്ല".... പക്ഷേ, ആ യാചകൻ തന്റെ മെലിഞ്ഞ മുഖം ഉയർത്തി. കണ്ണീർതൂകിക്കൊണ്ട് മൊഴിഞ്ഞു "ഹാ, അങ്ങെന്നെ സഹോദരാ എന്നു വിളിച്ചു....! അതുമാത്രം മതിയെനിക്ക്".

പ്രശസ്ത സാഹിത്യകാരനായ ടോൾസ്റ്റോയിയുടെ ഒരനുഭവമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. നിങ്ങൾ പഠിച്ച 'സഹോദരശ്രുതി' എന്ന പാഠഭാഗത്തിലെ സഹോദരൻമാരുടെ കഥയും ടോൾസ്റ്റോയിയുടെ അനുഭവവും **താരതമ്യം ചെയ്തു കുറിപ്പ്** തയാറാക്കുക.

## പ്രവർത്തനം 3 - ആസ്വാദനക്കുറിപ്പ്

**മഞ്ഞക്കിളി**

നാളുകൾ നാലുകൊണ്ടമ്പഴക്കൊമ്പത്ത്
മാളികതീർത്തുപോയ് മഞ്ഞക്കിളി
ഉൾപ്പെടും വാസനയുത്സാഹം കൊള്ളവേ
കുപ്പയിൽനിന്നൊരു കൂടുപൊങ്ങി
വെള്ളതേപ്പെന്തിന് ? ഭദ്രമിക്കൂടിന്റെ -
യുള്ളറ, യമ്മതന്നുള്ളുപോലെ
മിന്നാമിനുങ്ങും വിളക്കിനില്ലന്തിയി -
ലെന്നാലും ശോഭനമീഭവനം
കൂട്ടരേ, നോക്കുവിനമ്പഴക്കൊമ്പത്തെ-
ക്കൂട്ടിലെ പൈങ്കിളി മുട്ടയിട്ടു
എന്തു മിനുമിനുപ്പെന്തു മുഴുമുഴു-
പ്പെന്തൊരു കൊച്ചുരസക്കുടുക്ക
മുട്ടകളല്ലിവയാനന്ദപ്പാൽക്കടൽ -
മുത്തുകൾതന്നെയാണെന്നു തോന്നും
അമ്മക്കിളിയുടെ കണ്ണും കരളുമാ -
ണിമ്മുട്ട മുട്ടിയുടച്ചിടൊല്ലേ

(വൈലോപ്പിള്ളി ശ്രീധരമേനോൻ)

| വാസന - ജന്മവാസന |
|---|

അമ്മക്കിളിയുടെ കരുതലും സ്നേഹവും എത്ര ഹൃദയസ്പർശിയായാണ് കവി അവതരിപ്പിച്ചിരിക്കുന്നത്.....! ഈ കവിതയ്ക്ക് ഒരു **ആസ്വാദനക്കുറിപ്പ്** തയാറാക്കുക.

## പ്രവർത്തനം 4 - ഉപന്യാസം

സച്ചിദാനന്ദന്റെ 'വേഗമുറങ്ങൂ' എന്നുള്ള കവിതയിൽ അച്ഛന് മകളോടുള്ള സ്നേഹത്തെക്കുറിച്ചാണ് പറയുന്നത്. കടമ്മനിട്ടയുടെ 'ഊഞ്ഞാൽപ്പാട്ട്' എന്ന കവിത കുടുംബ ബന്ധത്തിന്റെ ആഴത്തെ വ്യക്തമാക്കുന്നു. ചുവടെ കൊടുത്തിരിക്കുന്ന സൂചനകൾ കൂടി ഉൾപ്പെടുത്തി കവിതകളുടെ ആശയത്തെ മുൻനിർത്തി **'സ്നേഹമാണ് കുടുംബത്തിന്റെ ശക്തി'** എന്ന വിഷയത്തെക്കുറിച്ച് ഒരു **ഉപന്യാസം** തയാറാക്കുക. നിങ്ങളുടെ അനുഭവങ്ങൾ കൂടി കൂട്ടിച്ചേർത്തുകൊണ്ട് മൂന്നോ നാലോ ഖണ്ഡികയിൽ എഴുതുമല്ലോ.



**പ്രവർത്തനം 5 – സംഭാഷണം**

പലവട്ടം അവൾ തേങ്ങാക്കൂടിന്റെ കീഴറയിലേക്ക് നടന്നു. അവളുടെ ഉടുപ്പ് മഴക്കണ്ണീരിൽ നനഞ്ഞു. കുറേനാളായി ഈ തേങ്കായ്കൾ മഴ കൊള്ളുകയാണെന്ന് അവൾക്ക് തോന്നി. എന്ന പൈത്യം ! തേങ്ങാപ്പുര ഒഴിഞ്ഞുകിടക്കുന്നു. തെങ്ങുകൾ അവളോട് ആവലാതി പറഞ്ഞു. എന്തൊക്കെയായിരിക്കാം തെങ്ങുകളും അക്കമ്മയും തമ്മിൽ പറഞ്ഞിട്ടുണ്ടാവുക? **സംഭാഷണം** തയാറാക്കുക.

**പ്രവർത്തനം 6 – വിശകലനം**

"താമരത്തണ്ടേറിഞ്ഞു കുനിച്ചു
നെറ്റിയിൽ നീറി നിൽക്കുമഴുക്കി -
ന്നിറ്റുകൾ കുഞ്ഞിച്ചുണ്ടാൽ തുടപ്പൂ
ചെറ്റകന്നു നിറഞ്ഞു തുളുമ്പി
നിൽക്കയാണൊരു പ്രാർത്ഥനാനാളം"

നിങ്ങൾ പരിചയപ്പെട്ട 'ഊഞ്ഞാൽപ്പാട്ട്' എന്ന കവിതയിലെ വരികളാണിത്. വാക്കുകൾ കൊണ്ട് കടമ്മനിട്ട വരച്ച ചിത്രത്തിൽ നിന്നും സ്നേഹത്തിന്റെ ഒത്തിരി നിമിഷങ്ങളെ നമുക്ക് വായിച്ചെടുക്കാനാവുന്നുണ്ടല്ലോ... സ്നേഹത്തിന്റെ ഒട്ടേറെ അനുഭവങ്ങൾ നമ്മെ ഓർമിപ്പിക്കുന്ന മുഹൂർത്തവുമാണവ. ഈ ആശയങ്ങളെ മുൻനിർത്തി സ്വന്തം കാഴ്ചപ്പാടുമുൾപ്പെടുത്തി മുകളിൽ കൊടുത്തിട്ടുള്ള വരികളിലെ ആശയത്തെ **വിശകലനം** ചെയ്യുക.